## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 29.06.2016 - ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 59

### കയർ വ്യവസായത്തിലെ പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ<br>,, എ.എം. ആരിഫ്<br>,, കെ. കെ. രാമചന്ദ്രൻ നായർ<br>,, കെ. ദാസൻ | ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ കയർ വ്യവസായം കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് വൻ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ,(ബി) &(ഇ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കയർ മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ ഗണ്യമായ പങ്ക് വിനിയോഗിക്കാത്ത സ്ഥിതിയാണ് മുൻ സർക്കാരിന്റെ കാലത്ത് നിലനിന്നത്.<br>2013 - 14 പദ്ധതി അടങ്കലിന്റെ 61.36% ഉം |
| ബി) ഇത് പരിഹരിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | 2014 - 15 ൽ 52.78 ശതമാനവും 2015 - 16 ൽ 58.40 ശതമാനവും മാത്രമാണ് ചെലവഴിച്ചത്. ആയതിനാൽ മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ മന്ദഗതിയിലായി. ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത് .<br><br>കയർ മേഖലയിലെ ഈ സർക്കാരിന്റെ സമീപനം ഇപ്രകാരമായിരിക്കും.<br>i) പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലുംഅടിസ്ഥാന വേതനവും ഉറപ്പാക്കും. ഉൽപ്പാദിപ്പിക്കപ്പെടുന്ന കയറും കയറുല്പന്നങ്ങളും പൂർണ്ണമായും കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവ വഴി സമാഹരിക്കും, നിശ്ചയിക്കപ്പെടുന്ന ക്രയവില നൽകിയാവും ഇവ സംഭരിക്കുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർ കോർപ്പറേഷനും , കയർഫെഡിനും വരുന്ന നഷ്ടം സർക്കാർ നികത്തും.<br><br>ii) ഇതിനായി കയർ മേഖലയുടെ വിഹിതം ഗണ്യമായി ഉയർത്തും.<br>iii) പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതോടൊപ്പം കയർ വ്യവസായത്തിന്റെ സത്വര ആധുനികവത്ക്കരണത്തിന് നടപടി |

| | |
|---|---|
| | സ്വീകരിക്കും.<br>iv) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |
| സി) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടിയുണ്ടാകുമോയെന്ന് വിശദമാക്കാമോ; | സി i) കയർപിരി സഹകരണ സംഘങ്ങൾക്ക് കയർഫെഡ് നല്കാനുള്ള കുടിശ്ശിക കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനി മേൽ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയർ പൂർണ്ണമായും കയർഫെഡ് സംഭരിക്കും. നിശ്ചിത വിലയ്ക്കായിരിക്കും കയർ സംഭരിക്കുക. കയർപിരി മേഖലയിലെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടിയാകും സർക്കാർ സ്വീകരിക്കുക.<br>ii) കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ആശ്വാസ നടപടികളും കൈക്കൊള്ളുന്നതാണ്. |
| ഡി) ഫോം മാറ്റിങ്ങ്സ്, കയർ കോർപ്പറേഷൻ, ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ നാമമാത്രമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | ഡി) കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവയ്ക്ക് കയർ വ്യവസായത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. കയർ പിരി സംഘങ്ങളുടെ അപ്പ്ക്സ് ബോഡിയായ കയർഫെഡ് കയർപിരി മേഖലയിലെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനും കയർപിരി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള സ്ഥാപനമാണ്. കയർകോർപ്പറേഷനാകട്ടെ ചെറുകിട കയർ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യം വെച്ച് രൂപീകരിച്ച സ്ഥാപനവുമാണ്.<br>ഈ സ്ഥാപനങ്ങളെ അവയുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി കൂടുതൽ ചിട്ടപ്പെടുത്തുക എന്നതായിരിക്കും സർക്കാരിന്റെ നയം.<br>ഫോം മാറ്റിംഗ്സ് ഒരു സ്റ്റാൻഡ് എലോൺ യൂണിറ്റാണ്.കയർ രംഗത്തെ പുതിയ സാദ്ധ്യതകൾക്കൊത്ത് അതിനെ രൂപപ്പെടുത്തുക എന്ന സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുക. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

| | |
|---|---|
| ഇ)കയർമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ഊർജ്ജിതമാക്കി കയർ വ്യവസായത്തെ സംരക്ഷിക്കാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ഇ) 'എ' പിരിവിലെ ഉത്തരം കണ്ടാലും |

സെക്ഷൻ ഓഫീസർ